## സാമൂഹ്യ നീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ : ശ്രീമതി. അനുപമ റ്റി.വി, I.A.S)

വിഷയം - സാമൂഹ്യനീതി വകുപ്പ് - ഐ.സി.ഡി.എസ് - 2016-17 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് ജനറൽ പദ്ധതിയിൽ പ്രീ-സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് ഇനത്തിൽ ഫണ്ട് അനുവദിച്ചത് - സാധനസാമഗ്രികൾ വിതരണം പൂർത്തിയാകാത്ത സാഹചര്യത്തിൽ - ചെലവഴിക്കാത്ത തുക ശിശു വികസന പദ്ധതി ഓഫീസർമാരുടെ STSB അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവുക്കുന്നു.

പരാമർശം:- സ.ഉ.(സാധാ) നം.200/2017/സാനീവ തീയതി- 30.03.2017

**ഉത്തരവ് നമ്പർ - ICDS. A1/2929 /17 തീയതി : 30.03.2017**

2016-17 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് ജനറൽ പദ്ധതിയിൽ അങ്കണവാടികൾക്ക് പ്രീ-സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർക്ക് ഫണ്ട് അനുവദിച്ചതിൽ പലയിടങ്ങളിലും സാധനസാമഗ്രികൾ വിതരണം നടത്തേണ്ട ഏജൻസി വിതരണം പൂർത്തിയാക്കാത്തതിനാൽ തുക ചെലവഴിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്ന് ശിശു വികസന പദ്ധതി ഓഫീസർമാർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം സർക്കാരിനെ അറിയിക്കുകയും ഇപ്രകാരം ചെലവഴിക്കാനാകാതെ നിൽക്കുന്ന തുക ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരുടെ Special TSB അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പരാമർശം പ്രകാരം സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് ജനറൽ പദ്ധതിയിൽ അങ്കണവാടികൾക്ക് പ്രീ-സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർക്ക് അനുവദിച്ച തുകയിൽ, സാധനസാമഗ്രികൾ വിതരണം നടത്തേണ്ട ഏജൻസികൾ വിതരണം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ഏജൻസിക്ക് നൽകേണ്ട തുക മാത്രം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരുടെ Special TSB അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

സാമൂഹ്യ നീതി ഡയറക്ടർ

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

പകർപ്പ്

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്